(ബി&സി) സൂപ്പർ മാർക്കറ്റ് പീപ്പിൾസ് ബസാറായി ഉയർത്തുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ട്. പീപ്പിൾസ് ബസാറുകൾക്ക് ശരാശരി 2500 sq.ft വിസ്തീർണ്ണമുള്ള വാഹന സൗകര്യമുള്ള കെട്ടിടം ഉണ്ടാകേണ്ടതാണ്. വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്. പ്രതിമാസ വിറ്റുവരവ് 25 ലക്ഷത്തിന് മുകളിൽ ഉള്ള സൂപ്പർ മാർക്കറ്റുകളെയാണ് ഇതിനായി പരിഗണിക്കുന്നത്. കൊട്ടാരക്കര സൂപ്പർ മാർക്കറ്റിൽ വാഹനം പ്രവേശിക്കാനുള്ള സൗകര്യങ്ങൾ ഇല്ല. പാർക്കിംഗ് സൗകര്യവും ഇല്ല. വിറ്റുവരവ് 20 ലക്ഷത്തിന് താഴെയാണ്. ആയതിനാൽ ടി സൂപ്പർ മാർക്കറ്റ് ഇതേ കെട്ടിടത്തിൽ നിലനിർത്തിക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

അന്തിക്കാട് പഞ്ചായത്തിൽ പടിയം കേന്ദ്രമാക്കി മാവേലിസ്റ്റോർ

115 (181) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പഞ്ചായത്തിൽ പടിയം കേന്ദ്രമാക്കി മാവേലി സ്റ്റോർ ആരംഭിക്കണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മാവേലി സ്റ്റോർ എന്നത്തേക്ക് ആരംഭിക്കാൻ ആകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള വിശദമായ സാദ്ധ്യതാപഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ തന്നെ ഒരു മാവേലി സ്റ്റോർ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നതിനാൽ കൂടുതൽ വിശദമായ റിപ്പോർട്ട് റീജിയണൽ മാനേജരിൽ നിന്നും ലഭിക്കേണ്ടതുണ്ട്.

(സി) പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുമ്പോൾ നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകൾക്കാണ് മുൻഗണന നൽകുന്നത്. അന്തിക്കാട് പഞ്ചായത്തിൽ നിലവിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഒരു മാവേലി സ്റ്റോർ കൂടി ആരംഭിക്കണമെന്ന അപേക്ഷയിൻമേലുള്ള സാദ്ധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ആനക്കര, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തുകളിൽ മാവേലി സ്റ്റോർ

116 (182) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃത്താല നിയോജകമണ്ഡലത്തിൽ ആനക്കര, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തുകളിൽ മാവേലിസ്റ്റോറോ, സപ്ലൈകോ സ്ഥാപനങ്ങളോ ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly